**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2655** **13-02-2024 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂരിൽ ഭാഗ്യക്കുറി സബ് ഓഫീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം ജില്ലയിൽ എത്ര ഭാഗ്യക്കുറി സബ് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും അറിയിക്കാമോ; | (എ) | കൊല്ലം ജില്ലയിൽ പുനലൂർ, കരുനാഗപ്പള്ളി എന്നീ സ്ഥലങ്ങളിലായി രണ്ട് ഭാഗ്യക്കുറി സബ് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്; |
| (ബി) | ചാത്തന്നൂർ ആസ്ഥാനമായി ഒരു ഭാഗ്യക്കുറി സബ് ഓഫീസ് ആരംഭിക്കണമെന്ന് ആവശ്യപ്പെട്ട് ജനപ്രതിനിധി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (ബി) | ചാത്തന്നൂർ ആസ്ഥാനമായി ഒരു ഭാഗ്യക്കുറി സബ് ഓഫീസ് ആരംഭിക്കണമെന്ന നിവേദനം ലഭിച്ചിരുന്നു. നിലവിൽ കൊല്ലം ജില്ലയ്ക്കായി അനുവദിക്കുന്ന ടിക്കറ്റുകൾ പൂർണ്ണമായും ജില്ലാ/സബ് ഓഫീസുകൾ വഴി വിറ്റഴിയ്ക്കപ്പെടുന്നുണ്ട്. ഭാഗ്യക്കുറി ടിക്കറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ, വകുപ്പിൽ കൂടുതൽ സബ് ഓഫീസുകൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ